

# പാലത്തുരുത്ത് പള്ളിയിൽ
# ശതാബ്ദി ആചരണ ഉദ്ഘാടനവും വി. അമ്മത്രേസ്യായുടെ തിരുനാളും നവനാൾ നൊവേനയും
## 2017 ഒക്ടോബർ 5 മുതൽ 15 വരെ തീയതികളിൽ

**ദൈ**വം നമുക്ക് നല്കിയ നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും അതിലുപരി നമ്മുടെ നാളിതുവരെയുള്ള ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുവാനുമുള്ള ഒരവസരമാണല്ലോ തിരുനാളുകൾ. കോട്ടയം അതിരൂപതയിൽ ആവിലായിലെ വി. അമ്മത്രേസ്യായുടെ നാമധേയത്തിലുള്ള ഏക ദേവാലയമായ പാലത്തുരുത്ത് പള്ളി 1918-ൽ സ്ഥാപിതമായി. കൈപ്പുഴ പള്ളിയുടെ കീഴിലായിരുന്ന പാലത്തുരുത്ത് പള്ളി 1979 മെയ് 1-ന് ഒരു സ്വതന്ത്ര യൂണിറ്റായി ഉയർത്തിയെങ്കിലും ഇടവകയായി ഔദ്യോഗികമായി പ്രഖ്യാപിച്ചത് 1984 ജൂലൈ 21-നാണ്. ഇപ്പോഴുള്ള ദേവാലയത്തിന്റെ നിർമാണത്തിന് ഫാ. കുര്യാക്കോസ് താഴത്തോട്ടം നേതൃത്വം നല്കുകയും 1990 ഒക്ടോബർ 15-ന് അഭിവന്ദ്യ കുര്യാക്കോസ് കുന്നശ്ശേരിൽ പിതാവ് പുതിയ ദേവാലയം കൂദാശ ചെയ്യുകയും ചെയ്തു. ഇപ്പോഴുള്ള വൈദികമന്ദിരത്തിന്റെ നിർമ്മാണത്തിന് നേതൃത്വം നല്കിയത് ബഹു. പടപുരയ്ക്കൽ സിറിയക് അച്ചനാണ്.



പള്ളിയോടനുബന്ധിച്ച് ഒരു എയ് ഡഡ് എൽ.പി. സ്കൂളും വിസിറ്റേഷൻ സന്യാസിനീ സമൂഹത്തിന്റെ ഉത്തരവാദിത്വത്തിൽ ഒരു നഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. വിസിറ്റേഷൻ സന്യാസിനീ സമൂഹത്തിന്റെ ഒരു ശാഖാഭവനം 1961 മുതൽ ഇവിടെ പ്രവർത്തിച്ചുവരുന്നു.

മതബോധനരംഗത്തും സാമൂഹ്യസേവനരംഗത്തും ഇടവക കൂട്ടായ്മയിലും ഇടവക സമൂഹം പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. ഈ ഇടവകാംഗമായ പരേതനായ മേടയിൽ ബഹു. സിറിയക് അച്ചൻ സ്ഥാപിച്ച എൻഡോവ്മെന്റിലൂടെ വർഷംതോറും ആയിരക്കണക്കിന് രൂപ, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് പഠനസഹായമായും രോഗികൾക്ക് ചികിത്സാ സഹായമായും നല്കിവരുന്നു. വിവിധ ഭക്തസംഘടനകൾ സജീവമായി പ്രവർത്തിക്കുന്നു. 8 കൂടാരയോഗങ്ങളിലായി 217 കുടുംബങ്ങളും 1100-ഓളം ഇടവകാംഗങ്ങളുമുണ്ട്.

ഈ ഇടവകയുടെ സ്വർഗീയമധ്യസ്ഥയായ ആവിലായിലെ വി. അമ്മത്രേസ്യായുടെ തിരുനാൾ ഭക്തിപൂർവം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഇടവകയുടെ നാളിതുവരെയുള്ള പുരോഗതിക്ക് കാരണഭൂതരായ അഭി. പിതാക്കന്മാർ, വൈദികർ, സിസ്റ്റേഴ്സ്, അല്മായർ, ഗുണകാംക്ഷികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. ഈ പള്ളിക്ക് തുടക്കം കുറിച്ച പാലത്തുരുത്തേൽ തോമ്മ, തറയിൽ പഴയപുരയിൽ ടി.എസ്. ഉതുപ്പ് എന്നിവർക്കും ഇടവകയെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നും കരകയറ്റി വളർത്തി വലുതാക്കിയ ഷെവ. ജേക്കബ് തറയിലിനും ഈ പള്ളിയുടെ നിലനിൽപ്പിനും പുരോഗതിക്കും നിർണായക പങ്ക് വഹിച്ച അഭി. തറയിൽ തോമസ് മെത്രാനും നന്ദിയുടെ മലരുകൾ അർപ്പിക്കുന്നു. ഒപ്പം, നാളിതുവരെ ഈ ഇടവകയിൽ സേവനം ചെയ്ത മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വികാരിമാരെയും അവരോട് ആത്മാർത്ഥമായി സഹകരിച്ച കൈക്കാരൻമാരെയും പള്ളിയുടെ വിവിധ ആവശ്യങ്ങൾ മനസിലാക്കി സാമ്പത്തിക സഹായം നൽകി സഹകരിച്ചുകൊണ്ടിരിക്കുന്ന നല്ലവരായ എല്ലാ ഇടവകാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

ഈ വർഷം ജോമോൻ അറയ്ക്കൽ ആണ് തിരുനാൾ പ്രസുദേന്തി. വിളിച്ചാൽ വിളികേൾക്കുന്ന, ഈ നാടിന്റെ മുഴുവൻ സംരക്ഷകയായ വി. അമ്മത്രേസ്യായുടെ തിരുനാൾ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് ദൈവാനുഗ്രഹം പ്രാപിക്കുവാൻ, ഒത്തുകൂടലിന്റെ ഹൃദ്യത അനുഭവിക്കുവാൻ, സൗഹൃദം പങ്കിടുവാൻ, ബന്ധങ്ങൾ ഉറപ്പിക്കുവാൻ, ഏവരെയും പാലത്തുരുത്തിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. വിദേശങ്ങളിലുള്ള ഇടവകാംഗങ്ങളേവരെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.



പ്രസുദേന്തി : ജോമോൻ അറയ്ക്കൽ & ഫാമിലി



മാർ ജോസഫ് പണ്ടാരശ്ശേരിൽ
(കോട്ടയം അതിരൂപതാ സഹായമെത്രാൻ)

### ക്ഷണക്കത്ത്

സ്നേഹിതരേ,

ദൈവസ്നേഹത്താൽ ജ്വലിച്ച് പ്രാർത്ഥനാ ജീവിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങിയ വേദപാരംഗതയായ വി. അമ്മത്രേസ്യായുടെ നാമത്തിലാരംഭിച്ച പാലത്തുരുത്ത് വിശ്വാസസമൂഹം നൂറാം വർഷത്തിലേയ്ക്കു പ്രവേശിക്കുന്ന ധന്യവേളയിൽ ശതാബ്ദി ഉദ്ഘാടനത്തിലേയ്ക്കും തിരുനാളാചരണത്തിലേയ്ക്കും ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു..

റവ. ഫാ. ജെയിംസ് ചെരുവിൽ (വികാരി)

### തിരുനാൾ തിരുകർമ്മങ്ങൾ

**2017 ഒക്ടോബർ 5 വ്യാഴം**

5.30 pm : ലദീഞ്ഞ്, വി. കുർബാന, നൊവേന, ധ്യാനം
റവ. ഫാ. ജോർജ്കുട്ടി പരുവനാനി OFM (Cap)

**2017 ഒക്ടോബർ 6 വെള്ളി**

5.30 pm : ലദീഞ്ഞ്, വി. കുർബാന, ലദീഞ്ഞ് – ധ്യാനം
റവ. ഫാ. ജോർജ്കുട്ടി പരുവനാനി OFM (Cap)

**2017 ഒക്ടോബർ 7 ശനി**

5.30 pm : ലദീഞ്ഞ്, വി. കുർബാന, ധ്യാനം –
റവ. ഫാ. ജോർജ്കുട്ടി പരുവനാനി OFM (Cap)

**2017 ഒക്ടോബർ 8 ഞായർ**

3.30 pm : പതാക/ദീപശിഖാ പ്രയാണം (കൈപ്പുഴ ഫൊറോന പള്ളിയിൽ നിന്നും പാലത്തുരുത്തു പള്ളിയിലേയ്ക്ക്)
ഫ്ളാഗ് ഓഫ് – വെരി. റവ. ഫാ. മാത്യു കുഴിപ്പിള്ളിൽ OSH

5.00 pm : വി. കുർബാന
ശതാബ്ദി ഉദ്ഘാടനം – അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ
സഹകാർമ്മികർ – ഇടവകയിൽ നിന്നുമുള്ള വൈദികർ

8.00 pm : സ്നേഹവിരുന്ന്

**2017 ഒക്ടോബർ 9 തിങ്കൾ**

5.30 pm : ലദീഞ്ഞ്, വി. കുർബാന, നൊവേന – റവ. ഫാ. ഷാജി മുകളേൽ

**2017 ഒക്ടോബർ 10 ചൊവ്വ**

5.30 pm : ലദീഞ്ഞ്, വി. കുർബാന, നൊവേന – റവ. ഫാ. അനിൽ ഒറ്റകുന്നേൽ

**2017 ഒക്ടോബർ 11 ബുധൻ**

5.30 pm : ലദീഞ്ഞ്, വി. കുർബാന, നൊവേന– റവ. ഫാ. ബിനീഷ് മാങ്കോട്ടിൽ

**2017 ഒക്ടോബർ 12 വ്യാഴം**

5.30 pm : ലദീഞ്ഞ്, വി. കുർബാന, നൊവേന – റവ. ഫാ. ജോഷി വല്ലാർകാട്ടിൽ

**2017 ഒക്ടോബർ 13 വെള്ളി**

5.30 pm : പതാക വന്ദനം, ലദീഞ്ഞ്, വി. കുർബാന, നൊവേന
റവ. ഫാ. ബിജോ കൊച്ചാദംപള്ളിൽ

**2017 ഒക്ടോബർ 14 ശനി**

7.00 am : വി.കുർബാന, പരേതസ്മരണ, സെമിത്തേരി സന്ദർശനം
റവ. ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ

5.30 pm : വാദ്യമേളങ്ങൾ – കുരിശുപള്ളിയിൽ

6.30 pm : ലദീഞ്ഞ് – പ്രദക്ഷിണം പള്ളിയിലേക്ക്

8.30 pm : തിരുനാൾ സന്ദേശം– റവ. ഫാ. സാബു മാലിത്തുരുത്തേൽ
വി. കുർബാനയുടെ ആശീർവാദം – വെരി. റവ. ഫാ. മാത്യു കുഴിപ്പിള്ളിൽ

**2017 ഒക്ടോബർ 15 ഞായർ**

7.00 am : വി. കുർബാന

10.00 am : തിരുനാൾ റാസ, മുഖ്യകാർമ്മികൻ: റവ. ഫാ. ജെയിംസ് പൊങ്ങാനയിൽ
സഹകാർമ്മികർ: റവ. ഫാ. തോമസ് മുഖയപ്പള്ളിൽ OSH
റവ. ഫാ. ജിസ്മോൻ പുത്തൻപറമ്പിൽ OSH
റവ. ഫാ. രൂപേഷ് മുട്ടത്തിൽ OSH
റവ. ഫാ. ഡാലിഷ് കോച്ചേരിൽ
തിരുനാൾ സന്ദേശം – റവ. ഫാ. ജോൺസൺ നീലനിരപ്പേൽ
പ്രദക്ഷിണം

7.00 pm : **ചാവറ മ്യൂസിക്കൽ ബാന്റ്**






ജോർജുകുട്ടി പൗവ്വത്തേൽ സിനു മുകളേപ്പറമ്പിൽ
—— കൈക്കാരന്മാർ ——
ജോയി തൊടുകയിൽ
കണക്കൻ
മജു പൗവ്വത്തേൽ
ദേവാലയശുശ്രൂഷി